പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2608 | 19.03. 2015 ൽ മറുപടിക്ക്

## സ്വകാര്യ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ഫെയർ വേജസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എളമരം കരീം : | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ സ്വകാര്യ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ഫെയർ വേജസ് പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | ഫെയർ വേജസ് പുതുക്കുന്നതിനു വേണ്ടി സർക്കാർ നിശ്ചയിച്ച കമ്മിറ്റിയിൽ ഫെയർ വേജസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഏകദേശ ധാരണയായിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ത്രികക്ഷി അനുരഞ്ജന ചർച്ച പരാജയപ്പെടുന്ന പക്ഷം, ഫെയർ വേജസ് ആക്റ്റ് ഭേദഗതി ചെയ്യാൻ സന്നദ്ധമാകുമോ? | (ബി) | ത്രികക്ഷി അനുരഞ്ജന സമിതിയായ മോട്ടോർ ഫെയർ വേജസ് കമ്മിറ്റിയിൽ ചർച്ചകൾ പരാജയപ്പെടുന്ന പക്ഷം കേരള മോട്ടോർ ട്രാൻസ്പോർട്ട് പേയ്മെന്റ് ഓഫ് ഫെയർ വേജസ് ആക്റ്റ് 1971 6(എ)(1), 6(എ)(2) എന്നീ വകുപ്പുകൾ പ്രകാരം സർക്കാർ വിജ്ഞാപനം മുഖാന്തിരം വേതനം പരിഷ്കരിക്കുന്നതാണ്. ഫെയർ വേജസ് ആക്റ്റ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച ശുപാർശകളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ.